പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4207

13.12.2018 ൽ മറുപടിക്ക്

## സിമന്റ് വില

ചോദ്യം
ശ്രീ. എൻ .എ.നെല്ലിക്കുന്ന്

മറുപടി
ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| എ) | ഏറ്റവും കൂടുതൽ സിമന്റ് വിറ്റഴിക്കുന്ന സംസ്ഥാനമെന്ന നിലയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സിമന്റിനു ഏറ്റവും വിലക്കുറവ് അനുഭവപ്പെടേണ്ടത് കേരളത്തിലാണെന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ; | എ) & ബി) & സി) & ഡി) | ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ ഉപഭോഗം കൂടുതലാണെങ്കിലും ഇവിടെ സിമന്റിന്റെ ഉല്പാദനം കുറവാണ്. കേരളത്തിൽ മലബാർ സിമന്റിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമന്റിന്റെ 10 ശതമാനത്തിൽ താഴെയാണ്. അയൽ സംസ്ഥാനങ്ങളിൽ അവർക്കാവശ്യമായ സിമന്റിന്റെ അളവിൽ കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ വില ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് വളരെ നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം മൂലം മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉല്പാദനം കുറഞ്ഞപ്പോൾ മറ്റ് ബ്രാൻഡുകൾ വില കൂട്ടുകയുണ്ടായി. സിമന്റ് നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളായ ലാറ്ററൈറ്റ്, ഫ്ലൈ ആഷ് തുടങ്ങിയവ |
| ബി) | മറ്റു ചില സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റ് വില കൂടുതലാണെന്നത് ശരിയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | | |
| സി) | സിമന്റ് നിർമ്മാതാക്കളുടെ അസോസിയേഷൻ വ്യാപാരികളുടെയിടയിൽ ഭിന്നിപ്പുണ്ടാക്കിയാണ് ഇത് സാധിക്കുന്നതെന്നത് ശരിയാണോ; | | |
| ഡി) | ഈ നയം കോംപറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ നിയമങ്ങൾക്ക് എതിരാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ സിമന്റ് | | |

| | | | |
|---|---|---|---|
| | കമ്പനികൾക്കെതിരെ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ; | | കേരളത്തിനു പുറത്തുനിന്നാണ് കൊണ്ടുവരുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ ~~അസംസ്കൃത വസ്തുക്കൾ കുറഞ്ഞ ചിലവിൽ~~ അവിടെത്തന്നെ കിട്ടുന്നതുകൊണ്ടാണ് ചെലവ് കുറച്ച് നിർമ്മിക്കാൻ സാധിക്കുന്നത്. കേരളത്തിൽ വിപണനം നടത്തുന്ന സിമന്റ് കമ്പനികളോട് വില നിയന്ത്രിക്കണമെന്ന് ആവശ്യപ്പെടുന്നതിന് നിയമപ്രകാരം കഴിയില്ല. കേരളത്തിൽ പ്രധാന ഉല്പാദകരായി മലബാർ സിമന്റ്സ് മാത്രമേ ഉള്ളൂ. കേരളത്തിലെ വിപണത്തിനുണ്ടാകുന്ന ചെലവുകൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലായതും കേരളത്തിൽ സിമന്റ് വില വർദ്ധനവിന് കാരണമായി. അയൽ സംസ്ഥാനങ്ങളിൽ നിന്നും സിമന്റ് റെയിൽ /റോഡ് മുഖേന എത്തിക്കേണ്ടിവരുന്നത് കേരളത്തിൽ സിമന്റിന്റെ വിലവർദ്ധനവിന് കാരണമാകാറുണ്ട്. |
| ഇ) | സിമന്റ് കമ്പനികളുടെ തെറ്റായ നയം കാരണം കാസർകോട് ജില്ലയിൽ സിമന്റ് വിപണി ശോഷിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | ഇ) | മലബാർ സിമന്റിന്റെ വിപണനത്തിൽ കാസർഗോഡ് ജില്ലയിൽ കാര്യമായ കുറവ് വന്നിട്ടില്ല. |
| എഫ്) | കമ്പനികൾ കാസർകോട് ജില്ലയിൽ നിന്ന് അധിക വില ഈടാക്കുകയും അതിർത്തി സംസ്ഥാനമായ കർണ്ണാടകയിലെ മംഗലാപുരം, സുള്ള്യ, പുത്തൂർ പ്രദേശങ്ങളിൽ ബാഗിന്മേൽ 40 മുതൽ 75 രൂപ വരെ | എഫ്) | ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ ഉപഭോഗം കൂടുതലാണെങ്കിലും ഇവിടെ സിമന്റിന്റെ ഉല്പാദനം കുറവായതാണ് കേരളത്തിൽ സിമന്റിന്റെ വില കൂടുതലായി നിലനിൽക്കാൻ കാരണം. |

| | | | |
|---|---|---|---|
| | കുറവിൽ ലഭ്യമാകുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ജില്ലയിലെ സിമന്റ് വ്യാപാരികളെ സാമ്പത്തിക തകർച്ചയിലാക്കുന്ന ഈ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം ഉണ്ടാക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | | കമ്പനിയിലെ വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഡീലർമാരുടെ ഒരു യോഗം 22.11.2018 ന് എറണാകുളത്ത് വച്ച് കൂടുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ